**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2850** **10-03-2025 - ൽ മറുപടിയ്ക്ക്**

**വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്നറിയിക്കുമോ; വിശദമാക്കുമോ; | (എ) | വനവാസികളായ ആദിവാസി സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1)**പങ്കാളിത്ത വന പരിപാലനം.**<br><br>പങ്കാളിത്ത വന പരിപാലനത്തിലൂടെ വനം വകുപ്പ് നടപ്പാക്കുന്ന ഈ പദ്ധതികൾ വനസംരക്ഷണത്തിനും വനവിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും വനാശ്രിത സമൂഹങ്ങളുടെ ഉന്നമനത്തിനും സഹായകരമാകുന്നു.<br><br>**2)വനശ്രീ**<br><br>കേരളത്തിലെ വനങ്ങളിൽ നിന്നും വനാശ്രിത ഗോത്ര സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ മൂല്യവർദ്ധനം ചെയ്ത് ഇടനിലക്കാരില്ലാതെ വിപണിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ കേരള വനം വകുപ്പ് വനശ്രീ പദ്ധതി നടപ്പിലാക്കി വരുന്നു. വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ വരുമാനവും, അതുവഴി മികച്ച ജീവനോപാധിയും വനശ്രീ ഉറപ്പാക്കുന്നു. കേരളത്തിലാകമാനം വനംവകുപ്പിന് കീഴിൽ 74 വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് www.vansree.in എന്ന വെബ് സൈറ്റിലൂടെയും വനവിഭവങ്ങൾ വാങ്ങാവുന്നതാണ്. ഏകദേശം 50,000 ഓളം വനാശ്രിത സമൂഹം അവരുടെ ജീവനോപാധി വനശ്രീ പദ്ധതിയിലൂടെ മെച്ചപ്പെടുത്തുന്നു.<br><br>**3)വൻ ധൻ വികാസ കേന്ദ്ര (VDVK) & PMAJANMAN-VDVK** |

പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. നിലവിൽ 31 വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVK) നിലവിലുണ്ട്.

**4)ഗ്രീൻ ഇന്ത്യാ മിഷൻ (GIM)**

വനവിസ്തൃതി വർദ്ധിപ്പിക്കാനും ശോഷിച്ച വനമേഖലയെ പുനഃസ്ഥാപിക്കാനും കാലാവസ്ഥാ വ്യതിയാനം തടയാനുമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് GIM. വനസമ്പത്ത് വർദ്ധിപ്പിക്കുക, സാമൂഹിക വനവൽക്കരണം, കാർഷിക വനവൽക്കരണം എന്നിവ വിപുലീകരിക്കുക, തണ്ണീർത്തട സംരക്ഷണം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. വനാശ്രിത സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ വനത്തിന്റെ വിസ്തീർണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഇത് വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വരുമാനവും ഉറപ്പാക്കുന്നു. പദ്ധതിയുടെ കീഴിൽ 32184.17 ഹെക്ടർ വന പ്രദേശത്ത് വന വൽക്കരണ/ വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, 10773 വനാശ്രിത കുടുംബങ്ങളുടെ വിറകിനായുള്ള വനാശ്രിതത്വം കുറയ്ക്കുന്നതിനായി ഇതര ഇന്ധന ഊർജ്ജ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റ് അനുബന്ധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്.

**5)ഇക്കോ ടൂറിസം**

ഇക്കോടൂറിസം പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ വനാശ്രിത സമൂഹങ്ങൾക്ക് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം ഗ്രാമീണമേഖലയിലെ വികസനത്തിനും സഹായകരമാകുന്നുണ്ട്. വനംവകുപ്പ് നടപ്പിലാക്കുന്ന ഇക്കോടൂറിസം പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ 2170 പേർക്ക് പ്രത്യക്ഷമായും പതിനായിരത്തിലേറെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

**6)ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിനുള്ള TRIFED ന്റെ ധന**

| | | | |
|---|---|---|---|
| | | | **സഹായത്തോടെ നടപ്പാക്കുന്ന MSP for MFP പദ്ധതി.**<br><br>തടിയേതര ചെറുകിട വന വിഭവങ്ങൾ (NTFP)ക്കുള്ള മിനിമം താങ്ങുവില ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതി കേന്ദ്ര ജനജാതിയ കാര്യ മന്ത്രാലയത്തിൻ കീഴിലുള്ള TRIFED ആണ് നടപ്പിലാക്കുന്നത്. ആദിവാസി-ഗോത്ര സമൂഹം ശേഖരിച്ച് വിപണനം ചെയ്യുന്ന ചെറുകിട വന വിഭവങ്ങൾക്ക് ഒരു നിശ്ചിത വില ഉറപ്പാക്കുന്നതിനും അതു വഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിൽ അനുവദിച്ച 556.65 ലക്ഷം രൂപ അംഗീകൃത പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് അവരുടെ ഉപജീവനത്തിന്റെ ഭാഗമായ വനവിഭവശേഖരണത്തിനും മൂല്യവർദ്ധനയ്ക്കുള്ള പരിശ്രമത്തിനും അവർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് വനവിഭവശേഖരണത്തിനും മൂല്യവർദ്ധനയ്ക്കുള്ള പരിശ്രമത്തിനും ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിന് വനശ്രീ, PMJVM-VDVK, PMJANMAN-VDVK, MSP for MFP തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**1)വനശ്രീ**<br><br>കേരളത്തിലെ വനങ്ങളിൽ നിന്നും വനാശ്രിത ഗോത്ര സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ മൂല്യവർദ്ധനം ചെയ്ത് ഇടനിലക്കാരില്ലാതെ വിപണിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വനം വകുപ്പ് വനശ്രീ പദ്ധതി നടപ്പിലാക്കി വരുന്നു. വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ വരുമാനവും, അതുവഴി മികച്ച ജീവനോപാധിയും വനശ്രീ ഉറപ്പാക്കുന്നു. കേരളത്തിലാകമാനം വനംവകുപ്പിന് കീഴിൽ 74 വനശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് www.vansree.in എന്ന വെബ് സൈറ്റിലൂടെയും വനവിഭവങ്ങൾ വാങ്ങാവുന്നതാണ്. ഏകദേശം 50,000 ഓളം വനാശ്രിത സമൂഹം അവരുടെ ജീവനോപാധി വനശ്രീ പദ്ധതിയിലൂടെ മെച്ചപ്പെടുത്തുന്നു.<br><br>**2)PMJVM- VDVK**<br><br>പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നല്കുന്നു. വനം വകുപ്പിന്റെ കീഴിൽ 20 വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ 31 VDVKകൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു.<br><br>**3) PMJANMAN-VDVK**<br><br>പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ - വൻ ധൻ വികാസ് കേന്ദ്ര (PMJANMAN-VDVK) എന്ന പദ്ധതി വഴി പ്രാക്തന ഗോത്ര വിഭാഗത്തെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുമായി പ്രാക്തന ഗോത്ര വിഭാഗ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (PVTG VDVK) രൂപീകരിക്കുന്ന പദ്ധതി സംസ്ഥാനത്ത് 2023-24-ൽ ആരംഭിച്ചു. ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ വിഭാഗങ്ങൾക്ക് പരിശീലനം നൽകുന്നതിനൊടോപ്പം ആവശ്യമായ യന്ത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും ഈ പദ്ധതി വഴി നൽകുന്നു. 21.65 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചതിൽ ഒന്നാം ഗഡുവായി 10.825 ലക്ഷം രൂപയുടെ ധന സഹായം കേരളത്തിന് ലഭിച്ചിട്ടുണ്ട്. വയനാട്, പാലക്കാട് ജില്ലകളിലായി 433 പ്രാക്തന ഗോത്ര വിഭാഗക്കാരെ ഉൾകൊള്ളിച്ച് 5 വൻ ധൻ വികാസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 104 അംഗങ്ങൾ ഉൾപ്പെടുന്ന 2 PVTG VDVK-കൾ കൂടി ആരംഭിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ഫണ്ട് ലഭ്യമായിട്ടില്ല.<br><br>**4)The Minimum Support Price for Minor Forest Produce(MSP for MFP) പദ്ധതി**<br><br>തടിയേതര ചെറുകിട വന വിഭവങ്ങൾ (NTFP)ക്കുള്ള മിനിമം താങ്ങുവില ഏർപ്പെടുത്തുന്നതിനുള്ള ഈ പദ്ധതി കേന്ദ്ര ജൻജാതി കാര്യ മന്ത്രാലയത്തിൻ കീഴിലുള്ള TRIFED ആണ് നടപ്പിലാക്കുന്നത്. ആദിവാസി-ഗോത്ര സമൂഹം ശേഖരിച്ച് വിപണനം ചെയ്യുന്ന ചെറുകിട വന വിഭവങ്ങൾക്ക് നിശ്ചിത വില ഉറപ്പാക്കുന്നതിനും അത് വഴി അവരുടെ ജീവിത നിലവാരം ഉയർത്തുനതിനും സഹായകരമാവുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിൽ അനുവദിച്ച 556.65 ലക്ഷം രൂപ അംഗീകൃത പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ നടപ്പിലാക്കിയ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | കാലാവസ്ഥാ വ്യതിയാനം വനമുൾപ്പെടെ രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങളിൽ കാതലായ മാറ്റം കൊണ്ടുവരുമെന്നും എല്ലാറ്റിനുമുപരിയായി ഇത് ജനജീവിതത്തെയും പ്രകൃതിയുടെ നിലനിൽപ്പിനെയും തന്നെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടാൻ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത എട്ട് ദൗത്യങ്ങളുടെ ഭാഗമായാണ് ഗ്രീൻ ഇന്ത്യ മിഷൻ (GIM) (60:40 CSS) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വന സാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്ക് പുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷതൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വെച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിങ്, തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉപദൗത്യങ്ങളിലൂടെ നടപ്പാക്കി വരുന്നത്<br><br>നീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളും നീർത്തട പ്രദേശങ്ങളും സംരക്ഷിക്കുവാനും അതുവഴി വനമേഖലയിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ അപൂർവ്വവും അമൂല്യവുമായ കണ്ടൽക്കാടുകൾ സംരക്ഷിക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ 50 FDA-കൾ വഴി നടപ്പാക്കുന്ന ഈ പദ്ധതി വിവിധ VSS/EDC-കളിലെ വനാശ്രിത അംഗങ്ങൾക്ക് പ്രയോജനപ്രദമാകുകയും ചെയ്യുന്നു.<br><br>2016-17 മുതൽ GIM പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. 60% കേന്ദ്ര ധനസഹായവും 40% സംസ്ഥാന ധന സഹായവും (60:40 CSS) ലഭ്യമാകുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ നാളിതുവരെ ആകെ 4244.39 ലക്ഷം രൂപ ലഭിച്ചു. ടി തുക പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും വിനിയോഗിച്ചു. പദ്ധതിയിൻ കീഴിൽ 32184.17 ഹെക്ടർ വന പ്രദേശത്ത് വന വൽക്കരണ/ വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, 10773 വനാശ്രിത കുടുംബങ്ങൾക്ക് വിറകിനായുള്ള വനാശ്രിതത്വം കുറയ്ക്കുന്നതിനായി ഇതര ഇന്ധന ഊർജ്ജ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റ് അനുബന്ധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്.<br><br>രാജ്യത്തിന്റെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷണം, വനവിസ്തൃതി വർദ്ധിപ്പിക്കുക, സാമൂഹിക വനവൽക്കരണം-കാർഷിക വനവൽക്കരണം, തണ്ണീർത്തട സംരക്ഷണം, വനത്തിന് പുറത്തുള്ള കാർഷിക-വനപരിപാലനം, വിറകിനായുള്ള വനാശ്രിതത്വം കുറയ്ക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ